# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5442 | 01.07.2019 ൽ മറുപടിക്ക്.

### യുവജനങ്ങൾക്ക് വ്യവസായ പ്രോത്സാഹനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി. | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | യുവജനങ്ങൾക്ക് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് സർക്കാർ നൽകിവരുന്നത്; വിശദവിവരം ലഭ്യമാക്കാമോ ; | എ) | യുവജനങ്ങൾക്ക് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പ് ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br><br>**ഇ.ഡി.ക്ലബ്ബ്:**<br>യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചു വരുന്നു. വിദ്യാർത്ഥികളിൽ സംരംഭകത്വ മനോഭാവം വളർത്തിയെടുക്കുക, നൂതന വ്യവസായ മേഖലകൾ പരിചയപ്പെടുത്തുക, വ്യവസായ രംഗത്ത് നവീന ആശയങ്ങൾ രൂപകൽപ്പന ചെയ്യുക എന്നിവയാണ് ഇ.ഡി. ക്ലബ്ബിന്റെ പ്രധാന ലക്ഷ്യങ്ങൾ. കേരളത്തിലെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ, പ്രൊഫഷണൽ കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവിടങ്ങളിൽ കലാലയ മേധാവിയുടെ മേൽനോട്ടത്തിൽ വ്യവസായ വികസന ഓഫീസർ മുഖേനയാണ് ഇഡി ക്ലബ്ബുകൾ പ്രവർത്തിക്കുന്നത്.<br><br>**ഇൻകുബേഷൻ സെന്ററുകൾ :-**<br>അഭ്യസ്തവിദ്യരും തൊഴിൽ അന്വേഷകരുമായ യുവാക്കളെ തൊഴിൽദാതാക്കളാക്കുക എന്ന ലക്ഷ്യത്തോടുകൂടി വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോട് കൂടിയാണ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്.<br>കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി, യുവജനങ്ങൾ ഉൾപ്പെടെയുള്ള ചെറുകിട വ്യവസായികളേയും, സംരംഭകരേയും ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലനപദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ |

| | | | |
|---|---|---|---|
| | | | ഡെവലപ്പ്മെന്റ് പ്രോഗ്രാം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം ഉടങ്ങിയ പരിപാടികൾ നടത്തി വരുന്നു. |
| ബി) | യുവജനങ്ങൾക്ക് ചെറുകിടസംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം തരത്തിലുള്ള വായ്പകൾ സർക്കാർ തലത്തിൽ നല്കിവരുന്നുണ്ട്; ഇത്തരം വായ്പകൾക്ക് സബ്സിഡി നൽകി വരുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ ? | ബി) | വ്യവസായ വാണിജ്യ വകുപ്പ് മുഖാന്തിരം MSME മേഖലയിൽ വായ്പ പദ്ധതികൾ നടപ്പിലാക്കുന്നില്ല. എന്നാൽ വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന സംരംഭകത്വ സഹായ പദ്ധതി പ്രകാരം ഉത്പാദന മേഖലയിൽ ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് ജനറൽ വിഭാഗത്തിന് 15% പരമാവധി 20 ലക്ഷം രൂപ സബ്സിഡി നൽകുമ്പോൾ യുവജനങ്ങൾക്ക് (18 മുതൽ 45 വയസ്സ് വരെ) 20% പരമാവധി 30 ലക്ഷം രൂപ അനുവദിക്കുന്നുണ്ട് .<br>കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാരയോഗ്യവുമായ യുവ സംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ മൂലധന സഹായം നൽകി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ 100 യുവ സംരംഭങ്ങൾക്ക് മൂലധന സഹായം അനുവദിക്കുകയുണ്ടായി |

സെക്ഷൻ ഓഫീസർ